**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1709** **04-02-2026 - ൽ മറുപടിയ്ക്ക്**

**കുട്ടനാട്, അപ്പർ കുട്ടനാട് മേഖലയിലെ നെൽകൃഷി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കുട്ടനാട്, അപ്പർ കുട്ടനാട് മേഖലയിൽ നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 2025–26 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയ മൊത്തം തുക, ചെലവഴിച്ചതും വിതരണം ചെയ്തതുമായ തുക എന്നിവ എത്രയാണെന്ന് വ്യക്തമാക്കാമോ; | (എ) | **കുട്ടനാട്, അപ്പർ കുട്ടനാട് മേഖലയിൽ നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 2025-26 സാമ്പത്തിക വർഷത്തിൽ ആകെ 5061.40277 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 1836.04845 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്.** |
| (ബി) | 2025 – 26 സാമ്പത്തിക വർഷം കുട്ടനാട് മേഖലയിലെ എത്ര ഹെക്ടർ ഭൂമിയിൽ നെൽകൃഷി നടത്തിയിട്ടുണ്ടെന്നും ഇതിന് സർക്കാർ നൽകിയ പിന്തുണാ പദ്ധതികൾ ഏതൊക്കെയാണെന്നും വിശദീകരിക്കാമോ? | (ബി) | **2025 - 26 സാമ്പത്തിക വർഷം കുട്ടനാട് മേഖലയിൽ 44858 ഹെക്ടർ ഭൂമിയിൽ നാളിതുവരെ നെൽകൃഷി നടപ്പിലാക്കിയിട്ടുണ്ട്. ഇതിന് സർക്കാർ നൽകിയ പിന്തുണാപദ്ധതികൾ അനുബന്ധം-1 ആയി ചേർക്കുന്നു** |

സെക്ഷൻ ഓഫീസർ

1. നെൽകൃഷി വികസന പദ്ധതിയിലൂടെ സുസ്ഥിര നെൽകൃഷി വികസന ഘടകത്തിൽ ഉൾപ്പെടുത്തി നെൽകൃഷിക്ക് അത്യുൽപാദനശേഷിയുള്ള നെൽവിത്ത്, വളം ജൈവിക കീടരോഗ നിയന്ത്രണം മുതലായവയ്ക്കായി ആനുകൂല്യം. നെൽവയലുകളുടെ ഉടമസ്ഥർക്ക് റോയൽറ്റി പൊതു ഞാറ്റടി, കർഷക യന്ത്രോപകരണങ്ങളുടെ റിപ്പയർ, തോടുകളുടെ അറ്റകുറ്റ പണികൾ തുടങ്ങിയ പാടശേഖരസമിതികളുടെ പൊതുവായ ആവശ്യങ്ങൾക്കുള്ള പ്രവർത്തന ചെലവിനായി ഹെക്ടറിന് 360/- രൂപ ധനസഹായം, നെൽകൃഷി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി രൂപീകരിക്കപ്പെട്ടിട്ടുള്ള നെൽകൃഷി വികസന ഏജൻസികൾക്കായി പ്രോജക്ടാധിഷ്ഠിത ധനസഹായം, തരിശുനില കൃഷിക്ക് ഹെക്ടർ ഒന്നിന് 35000/- രൂപ കർഷകനും 5000/- രൂപ ഭൂവുടമകൾക്കും ചേർത്ത് ആകെ 40,000/- രൂപ പ്രകാരം ആനുകൂല്യം, പ്രത്യേക നെല്ലിനങ്ങളുടെ കൃഷി നടപ്പിലാക്കുന്നതിനായി ഹെക്ടർ ഒന്നിന് 10,000/- രൂപ നിരക്കിൽ ആനുകൂല്യം, ഡ്രോൺ ഉപയോഗിച്ച് പത്രപോഷണത്തിലൂടെ സൂക്ഷ്മ മൂലകങ്ങൾ നൽകുന്നത് വഴി നെല്ലിന്റെ ഉൽപ്പാദനം വർധിപ്പിക്കുന്നതിനായി ഹെക്ടറിന് 2000 രൂപ നിരക്കിൽ ധനസഹായം, ബ്ലോക്ക് തല സംയോജനത്തിലൂടെ പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം, അരി മില്ലുകളുടെ സ്ഥാപനം, തദ്ദേശ ബ്രാൻഡുകളുടെ പ്രോത്സാഹനം എന്നിവയ്ക്കായി പ്രൊജക്റ്റ് അടിസ്ഥാനത്തിൽ ഉള്ള ധനസഹായം എന്നിവ നൽകുന്നുണ്ട്.

2. നെൽവയലിലെ മണ്ണിന്റെ ആരോഗ്യനില മെച്ചപ്പെടുത്തുന്നതിനും അത് വഴി വളത്തിന്റെ കാര്യക്ഷമത വർധിപ്പിച്ചു ഉൽപ്പാദനക്ഷമത കൂട്ടുന്നതിനുമായി സംസ്ഥാന കൃഷി വകുപ്പ് പദ്ധതിയായ സോയിൽ ഹെൽത്ത് ആൻഡ് പ്രൊഡക്റ്റിവിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം പ്രകാരം കുമ്മായത്തിന് 75% വരെ, പരമാവധി ഹെക്ടറിന് 5400 എന്ന നിരക്കിൽ സാമ്പത്തിക സഹായം, ആയതിന്റെ കയറ്റിറക്കു കൂലി ഉൾപ്പടെ നൽകുന്നുണ്ട്. ഇതേ പദ്ധതി പ്രകാരം ജൈവരോഗ നിയന്ത്രണ ഉപാധികളായ ട്രൈക്കോഡെർമ സ്യൂഡോമൊണാസ്, VAM എന്നിവ കൃഷിയിടത്തിൽ വെച്ച് തന്നെ കുറഞ്ഞ ചെലവിൽ കർഷകർക്ക് സ്വന്തമായി ഉത്പ്പാദിപ്പിക്കുവാനുള്ള സാങ്കേതികവിദ്യ (ഓൺ ഫാം പ്രൊഡക്ഷൻ ടെക്നോളജി) ഹൈദരാബാദിലുള്ള National Institute of Plant Health Management (NIPHM) മുഖേന കർഷകർക്ക് നൽകുകയും കർഷകർ സ്വന്തമായി ഇവ ഉത്പാദിപ്പിക്കുകയും ഉപയോഗിക്കുകയും ചെയ്തു വരുന്നു. ഇത് വഴി വിള ആരോഗ്യം മെച്ചപ്പെടുത്താനും ഉത്പാദനക്ഷമത വർധിപ്പിക്കാനും സുസ്ഥിര കൃഷി രീതികൾ പ്രോത്സാഹിപ്പിക്കാനും സാധിച്ചിട്ടുണ്ട്.

3. RIDF പദ്ധതി പ്രകാരം State Agriculture എഞ്ചിനീയർ മുഖാന്തരം 2025-26 കാലയളവിൽ നെൽകൃഷിയുടെ ഉത്പാദനവും ഉത്പാദനക്ഷമതയും വർധിപ്പിക്കുന്നതിനായി NABARD-Rural Infrastructure Development Fund (RIDF) വിവിധ ട്രാഞ്ചെകളുടെ കീഴിൽ ചുവടെ പറയുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു.

- പാടശേഖരങ്ങളിലെ ബണ്ടുകളുടെ ശക്തിപ്പെടുത്തൽ (Bund strengthening / outer bund protection) പ്രളയ സംരക്ഷണത്തിനും വെള്ളം തടയുന്നതിനും.
- സ്ലൂയിസ്, പെട്ടി, പറ തുടങ്ങിയ ജലനിയന്ത്രണ ഘടനകളുടെ നിർമ്മാണവും പരിഷ്കരണവും
- മോട്ടോർ ഷെഡുകൾ, ലിഫ്റ്റ് ഇറിഗേഷൻ സംവിധാനങ്ങൾ സ്ഥാപിക്കൽ, ജലസേചന സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ
- ഊർജ്ജക്ഷമമായ (energy efficient) പമ്പ് സെറ്റുകൾ സ്ഥാപിക്കൽ - പരമ്പരാഗത പെട്ടി-പറ സംവിധാനങ്ങൾക്ക് പകരം പ്രളയ പ്രതിരോധ ശേഷിയുള്ള വെള്ളം നീക്കം ചെയ്യുന്ന ഉപകരണങ്ങൾ. 'കനാലുകളുടെ ഡി-സിൽട്ടിംഗ്, ഡ്രെയിനേജ് സംവിധാനങ്ങൾ മെച്ചപ്പെടുത്തൽ, ട്രാക്ടർ റാമ്പുകൾ (tractor ramps), ആക്സസ് റോഡുകൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളുടെ നവീകരണവും നിർമ്മാണവും.

4. RIDF XXVI പദ്ധതിയുടെ ഭാഗമായി കാവലം കുട്ടനാട് താലൂക്കിലെ ആറ്റുമുഖം 1500

രാജരാമപുരം കായൽ പാടശേഖരത്തിലെ അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾ പുറം ബണ്ട് ശക്തിപ്പെടുത്തൽ, മോട്ടോർ ഷെഡ് നിർമ്മാണം. പരക്കുഴി, പെട്ടിച്ചാൽ, സ്ലൂയിസ് (മേട്ടുപ്പുറം വെസ്റ്റ് -കൊച്ചുമാനേജർ തറയ്ക്ക് സമീപം) നിർമ്മാണത്തിനായി 1000.50 ലക്ഷം രൂപ അനുവദിച്ചു

5. മാന്നാർ പഞ്ചായത്തിലെ വലിയതുരുത്ത്, ചെറിയതുരുത്ത്, അമ്പലപ്പുഴ തെക്ക് പഞ്ചായത്തിലെ തെക്കേമുന്നൂർ പാടശേഖരം. തകഴി പഞ്ചായത്തിലെ തെക്കേമുന്നൂർ പാടശേഖരം. തലവടി പഞ്ചായത്തിലെ മകരച്ചാലിൽ പാടശേഖരം എന്നിവിടങ്ങളിലെ അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾക്കായി 1562.43 ലക്ഷം രൂപ അനുവദിച്ചു

6. RIDF XXVIII കാവലം പഞ്ചായത്തിലെ ആറ്റുമുഖം 1500 രാജരാമപുരം പാടശേഖരത്തിലെ അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾ (രണ്ടാം ഘട്ടം)ക്കായി 740.00 ലക്ഷം രൂപ അനുവദിച്ചു .

5. RIDF XXVIII ആലപ്പുഴ ജില്ലയിലെ ചേർത്തല നിയമസഭാ മണ്ഡലത്തിന് കീഴിലുള്ള വിവിധ പാടശേഖരങ്ങളിലെ അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾക്കായി 728.95 ലക്ഷം രൂപ അനുവദിച്ചു

6. RIDF XXX ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിലെ കുട്ടനാട് നെൽപ്പാടങ്ങളിലെ വെള്ളം നീക്കം ചെയ്യുന്നതിനായി നിലവിലുള്ള പെട്ടി, പറ സംവിധാനങ്ങൾക്ക് പകരം ഊർജക്ഷമമായ പമ്പുകൾ സ്ഥാപിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾക്കായി 4000 ലക്ഷം രൂപ അനുവദിച്ചു

7. പ്രകൃതി ക്ഷോഭം : പ്രകൃതിക്ഷോഭം മൂലം നെൽകൃഷിയ്ക്ക് ആരംഭഘട്ടത്തിൽ നാശം സംഭവിക്കുന്ന സാഹചര്യങ്ങളിൽ പകരം വിതയ്ക്കുവാനുള്ള നെൽവിത്ത് സൗജന്യമായി നൽകുന്നു. കൂടാതെ, പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയിൽ നിന്നും ഹെക്ടറിന് 17,000/- രൂപ നിരക്കിലും വിള ഇൻഷുറൻസ് പദ്ധതിയിൽ അംഗമായ കർഷകർക്ക് 45 ദിവസത്തിനകമുള്ള വിളയ്ക്ക് ഉണ്ടാകുന്ന നാശത്തിനു ഹെക്ടറിന് 15,000/- രൂപയും 45 ദിവസത്തിന് ശേഷമുള്ള വിളയ്ക്ക് ഉണ്ടാകുന്ന നാശത്തിനു ഹെക്ടറിന് 35,000/-രൂപ പ്രകാരവും ധനസഹായം അനുവദിക്കുന്നുണ്ട്.

8. കാലാവസ്ഥ അധിഷ്ഠിത വിള ഇൻഷുറൻസ്: കാലാവസ്ഥാധിഷ്ഠിത വിള ഇൻഷുറൻസ് പദ്ധതിയിൽ ഹെക്ടർ ഒന്നിന് 80,000 രൂപ ഇൻഷുറൻസ് തുകയായി ഇൻഷുർ ചെയ്യുന്ന കർഷകർക്ക് സഹായം നൽകുന്നു. ഇൻഷുറൻസ് തുകയുടെ 2 ശതമാനം ഖാരിഫിലും 1.5 ശതമാനം റാബി സീസണിലും കർഷകർ പ്രീമിയം അടക്കേണ്ടതുള്ളു. ബാക്കി തുക പ്രീമിയം സബ്സിഡിയായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ തുല്യമായി വഹിച്ചു കൊണ്ട് കർഷകരെ സഹായിക്കുന്നു.

9. ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി: ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി (നെല്ല് ) പ്രകാരം പാലക്കാട് ജില്ലയിൽ പ്രദർശന പ്ലോട്ടുകൾ, സെർട്ടിഫൈഡ് വിത്തുല്പാദനം, മണ്ണ് പരിപോഷണം, സമീകൃത വളപ്രയോഗം, സംയോജിത കീടരോഗ നിയന്ത്രണം യന്ത്രവൽക്കരണം, ജലസേചന സൗകര്യം മെച്ചപ്പെടുത്തൽ, ജൈവ നെൽകൃഷി പരിശീലന പരിപാടി തുടങ്ങിയവയ്ക്കായി 2024-25 സാമ്പത്തിക വർഷത്തിൽ 13.42 ലക്ഷം രൂപ അനുവദിക്കുകയും 13.42 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുള്ളതാകുന്നു. കൂടാതെ 60.6 ലക്ഷം രൂപയുടെ ആക്ഷൻ പ്ലാൻ കേന്ദ്ര സർക്കാർ അനുമതിയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. പ്രദർശനപ്ലോട്ടുകൾ, മണ്ണ് പരിപോഷണം, സമീകൃത വളപ്രയോഗം, സംയോജിത കീടരോഗ നിയന്ത്രണം, യന്ത്രവൽക്കരണം, ജലസേചനസൗകര്യം മെച്ചപ്പെടുത്തൽ, ജൈവനെൽക്കൃഷി, പരിശീലന പരിപാടി തുടങ്ങിയവയ്ക്കായും സർക്കാർ ധനസഹായം നൽകുന്നുണ്ട്.

10. നെല്ല് സംഭരണം : നെൽ കർഷകർക്ക് ഉറപ്പുള്ള വരുമാനം നൽകുന്നതിനും സംഭരണവുമായി ബന്ധപ്പെട്ട് മുമ്പ് അനുഭവപ്പെട്ടിരുന്ന പണമടയ്ക്കൽ വൈകല്യങ്ങൾ പരിഹരിക്കുന്നതിനുമായി സർക്കാർ വിവിധ നയപരവും ധനകാര്യപരവുമായ നടപടികൾ സ്വീകരിച്ചുവരുന്നു. കേന്ദ്ര സർക്കാർ പ്രഖ്യാപിക്കുന്ന കുറഞ്ഞ പിന്തുണവിലയ്ക്ക് (MSP) പുറമെ

സംസ്ഥാന സർക്കാരിന്റെ പ്രോത്സാഹന ബോണസും ഉൾപ്പെടുത്തി നെല്ല് സംഭരണം നടത്തുന്നു. ഇതനുസരിച്ച് 01.11.2025 മുതൽ കിലോഗ്രാമിന് 30/- രൂപ എന്ന നിരക്കിലാണ് നെല്ല് സംഭരണ വില നിശ്ചയിച്ചിരിക്കുന്നത്. ഇതിലൂടെ നെൽകൃഷിക്ക് പ്രോത്സാഹനം നൽകുകയും കർഷകർക്ക് വരുമാന സുരക്ഷ ഉറപ്പാക്കുകയും ചെയ്യുകയാണ് ലക്ഷ്യം.

സംഭരണ സംവിധാനത്തിൽ മുൻ സീസണുകളിൽ നേരിട്ടിരുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി വിഷയം സർക്കാർ തലത്തിൽ വിശദമായി വിലയിരുത്തിയിട്ടുണ്ട്. ബഹു. മുഖ്യമന്ത്രി അധ്യക്ഷനായ യോഗങ്ങൾ ഉൾപ്പെടെ വിവിധ ഉയർന്നതല ചർച്ചകളിലൂടെ Paddy Receipt Sheet (PRS) വായ്പ സംവിധാനത്തിൽ രൂപപ്പെട്ട കുടിശ്ശികകൾ തീർപ്പാക്കുന്നതിനും പുനഃസംഘടിപ്പിക്കുന്നതിനും തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ട്. ഇതിന്റെ ഭാഗമായി പലിശഭാരം സർക്കാർ വഹിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ച്, സംഭരണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ധനസഹായം സമയബന്ധിതമായി ലഭ്യമാക്കുന്നതിനാണ് ശ്രമിക്കുന്നത്.

ദീർഘകാല പരിശ്രമത്തിന്റെ ഭാഗമായി, നെല്ല് സംഭരണത്തിൽ സഹകരണ മേഖലയെ കൂടുതൽ സജീവമായി പങ്കെടുപ്പിക്കുന്നതിനായി പുതിയ സംവിധാനം സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ഇതനുസരിച്ച് സപ്ലൈകോയെ സംസ്ഥാന നോഡൽ ഏജൻസിയായി നിലനിർത്തിക്കൊണ്ട്, പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ (PACS) മുഖേന കർഷകരിൽ നിന്ന് നേരിട്ട് നെല്ല് സംഭരിച്ച് കാലതാമസമില്ലാതെ വില നൽകുന്നതിനാണ് ലക്ഷ്യമിടുന്നത്. സംഭരണം, മില്ലിംഗ്, അരി വിതരണം എന്നിവ ഏകോപിപ്പിക്കുന്നതിന് നോഡൽ സഹകരണ സംഘങ്ങൾ പ്രവർത്തിക്കുകയും, പൊതുവിതരണ സംവിധാനവുമായി ബന്ധപ്പെട്ട ഉത്തരവാദിത്തങ്ങൾ സപ്ലൈകോ തുടർന്നും നിർവഹിക്കുകയും ചെയ്യും.

പുതിയ സംവിധാനത്തിന്റെ ഭാഗമായി കേരള ബാങ്ക് മുഖേന പ്രത്യേക ലിക്വിഡിറ്റി സഹായം, സഹകരണ സംഘങ്ങൾക്ക് സാമ്പത്തിക പ്രോത്സാഹനങ്ങൾ, MSP യും സംസ്ഥാന പ്രോത്സാഹന ബോണസും ഉൾപ്പെടെയുള്ള തുകകളുടെ ലളിതമായ ഫണ്ട് പ്രവാഹ സംവിധാനം എന്നിവ ഒരുക്കിയിട്ടുണ്ട്.

11. കുട്ടനാടൻ പ്രദേശങ്ങളുടെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് അവിടുത്തെ കാർഷിക പ്രവർത്തനങ്ങളെ അടിസ്ഥാനപ്പെടുത്തി നെൽകൃഷിയുടെ ഓരോ പ്രവർത്തനങ്ങളും സമയബന്ധിതമായി നടപ്പിലാക്കുന്നതിനായി വെള്ളം വറ്റിയ്ക്കുന്നതു മുതൽ ചെയ്യേണ്ട പ്രവർത്തനങ്ങളുടെ ഒരു കാർഷിക കലണ്ടർ ഉണ്ടാക്കുകയും അതിനെ അടിസ്ഥാനമാക്കി യഥാസമയം കൃഷി തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു.

**സൗജന്യ വൈദ്യുതി പദ്ധതി പ്രകാരം** നെൽകൃഷിക്ക് പരിധിയില്ലാതെയും മറ്റ് വിളകൾക്ക് രണ്ട് ഹെക്ടർ വരെയും ജലസേചനത്തിന് വൈദ്യുതി സൗജന്യമായി അനുവദിച്ച് വരുന്നുണ്ട്.

**പ്രൊഡക്ഷൻ ബോണസ് പ്രകാരം** നോൺ-പ്ലാൻ (പദ്ധതിയേതരം) ഇനത്തിൽ ഉൾപ്പെടുത്തി നെല്ലിന്റെ ഉത്പാദന ബോണസായി ഓരോ സീസണിലെ നെൽക്കൃഷിക്കും ഹെക്ടറിന് 1000/- രൂപ നൽകുന്നു.

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വിവിധ നെൽകൃഷി വികസന പദ്ധതികളിൽ ഉൾപ്പെടുത്തി ഉഴവുകൂലിക്കും ഉല്പാദനോപാധികൾക്കുള്ള ആനുകൂല്യവും (പരമാവധി 25,000/- രൂപ/ഹെക്ടർ) കർഷകർക്ക് ലഭിക്കും. പൊക്കാളി , കരി , കൈപ്പാട് എന്നീ പ്രത്യേക നെൽകൃഷി മേഖലകളിൽ പരമാവധി ആനുകൂല്യം ഹെക്ടറിന് 32,000/- രൂപയാണ് നൽകുന്നത്.

**സെക്ഷൻ ഓഫീസർ**